**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6740** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികളുടെ വേതനം വർധിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | നിലവിൽ പ്രതിമാസ ഓണറേറിയവും, ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല സമാശ്വാസമായി 2000/- രൂപ വീതവുമാണ് നൽകി വരുന്നത്. |
| (ബി) | പ്രസ്തുത തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ച് നൽകിയിട്ട് എത്ര വർഷമായെന്നും, ജീവിത ചെലവുകൾക്ക് ആനുപാതികമായി അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (ബി) | പാചകത്തൊഴിലാളികളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ച് നൽകിയത് മൂന്ന് വർഷങ്ങൾക്ക് മുൻപാണ്. 17.06.2021 ലെ സ.ഉ (സാധാ) നം. 3046/2021/പൊ.വി.വ പ്രകാരമാണ് അവസാനമായി ഓണറേറിയം വർദ്ധിപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം, മിനിമം പ്രതിദിന ഓണറേറിയം 600 രൂപയായും പരമാവധി ഓണറേറിയം 675 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു പാചക തൊഴിലാളി മാത്രമേ പാടുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ പാചക തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഗണിച്ച് 250 കുട്ടികൾക്ക് ഒരാൾ എന്ന നിലയിൽ പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (സി) | നിലവിൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ 1 പാചക തൊഴിലാളിയും 500 ന് മുകളിൽ എത്ര തന്നെ കുട്ടികളായാലും അധികമായി ഒരു പാചകതൊഴിലാളി കൂടി എന്ന കണക്കിലാണ് നിയമനം നടത്തുന്നത്. 250 കുട്ടികൾക്ക് 1 പാചകതൊഴിലാളി എന്ന നിലയിൽ പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ് |
| (ഡി) | നിശ്ചിത കാലം ജോലി ചെയ്ത് വിരമിക്കുന്ന പാചക തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകി വിരമിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ